## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 5833 — 02.07.2019 -ൽ മറുപടിക്ക്

### യുവജനങ്ങൾക്കായി മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ.പി.ഉബൈദുള്ള

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ

(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് യുവജനങ്ങളുടെ തൊഴിലില്ലായ്മ നിരക്ക് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2015 ൽ കേരളത്തിന്റെ തൊഴിലില്ലായ്മ നിരക്ക് 12.5 ശതമാനമായിരുന്നു. നിലവിൽ അത് 10.67 ശതമാനമായി കുറഞ്ഞിട്ടുണ്ട്. എന്നാൽ ദേശീയ ശരാശരിയായ 6.1 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ തൊഴിലില്ലായ്മ നിരക്ക് കൂടുതലാണ്. |
| (ബി) | യുവജനങ്ങൾക്ക് ഉൽപാദനപരമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) യും (സി) യും | എംപ്ലോയ്മെന്റ് വകുപ്പുമായി ബന്ധപ്പെട്ട് നിരവധി സ്വയംതൊഴിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. യുവജനങ്ങൾക്ക് മികച്ച തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്ന തൊഴിൽദായക/പരിശീലന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. എംപ്ലോയബിലിറ്റി സെന്റർ<br>2. മോഡൽ കരിയർ സെന്റർ<br>3. നിയുക്തി മെഗാ ജോബ് ഫെയർ<br>കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന നടപ്പിലാക്കി വരുന്ന നൈപുണ്യ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)<br>2. അക്രഡിറ്റേഷൻ<br>3. കൗശൽ കേന്ദ്രങ്ങൾ<br>4. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ<br>എംപ്ലോയ്മെന്റ് വകുപ്പ്, നടപ്പിലാക്കി വരുന്ന നൈപുണ്യ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. എംപ്ലോയബിലിറ്റി സെന്ററുകൾ<br>2. കരിയർ ഡെവലപ്മെന്റ് സെന്റർ<br>3. സ്റ്റേറ്റ് ജോബ് പോർട്ടൽ<br>4. സ്കിൽ രജിസ്ട്രി |
| (സി) | യുവജനങ്ങൾക്ക് മികച്ച തൊഴിലവസരങ്ങൾ കണ്ടെത്തുവാൻ നിലവിലുള്ള തൊഴിൽദായക പദ്ധതികളും നൈപുണ്യവികസന പരിപാടികളും പുനഃക്രമീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ